16903
11/8/17

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പറായ ശ്രീ. രാധാകൃഷ്ണൻ നായർ കെ.പി യുടെ ഭാര്യ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ Viral Encephalities സംബന്ധമായ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം. 2646/2017/തസ്വഭവ.    തീയതി, തിരുവനന്തപുരം, 31.07.2017

---

പരാമർശം : 1) 11/07/12 ലെ 26423/G2/2012/H&FWD നമ്പർ സർക്കുലർ.

2) ശ്രീ. രാധാകൃഷ്ണൻ നായർ. കെ.പി യുടെ അപേക്ഷയും ബില്ലുകളും.

3) പഞ്ചായത്ത് ഡയറക്ടറുടെ 01/10/2014,18.03.2016 എന്നീ തീയതികളിലെ എഫ്2-37069/13 നമ്പർ കത്തുകൾ.

4) കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.05.2013 ലെ V (28) നമ്പർ തീരുമാനം.

5) എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 06.01.2016 ലെ മേലെഴുത്ത് നം.C3-127/16 ജി.മെ.ഒ (ത്ത) നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ. രാധാകൃഷ്ണൻ നായർ കെ.പി യുടെ ഭാര്യ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ Viral Encephalities സംബന്ധമായ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

പരാമർശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 35,756/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 28,604/- രൂപ (ഇരുപത്തിയെണ്ണായിരത്തി അറുന്നൂറ്റി നാല് രൂപാ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുക കരുമാല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ ഉറപ്പുവരുത്തി എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീ. രാധാകൃഷ്ണൻ നായർ കെ.പി യുടെ ഭാര്യയ്ക്ക് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ Viral Encephalities സംബന്ധമായ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 35,756/- രൂപയുടെ 80% ആയ 28,604/- രൂപ (ഇരുപത്തിയെണ്ണായിരത്തി അറുന്നൂറ്റി നാല് രൂപ മാത്രം) പ്രത്യേക കേസ്സായി പരിഗണിച്ച് കരുമാല്ലൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.പി. ശ്രീജിത്**
**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ& എ) കേരള.
ശ്രീ. രാധാകൃഷ്ണൻ. കെ.പി, ഫുൾടൈം സ്വീപ്പർ. കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (06/02/2017 ലെ യു.ഒ.നം.757110/G2/2016/H&FWD പ്രകാരം)
ധനകാര്യ വകുപ്പ്(14/07/2017-ലെ യു.ഒ.നം.WW-WW3/191/2017-FIN പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No. 72428/EPA3/2013/LSGD)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ